## എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

പത്തനംതിട്ട ജില്ലയിൽ കടമ്പനാട് ഗ്രാമത്തിൽ ജനനം. പിതാവ് റി.ട്ട. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ താഴേതിൽ റ്റി.ജി. തോമസ്, മാതാവ് തങ്കമ്മ. ഏഴു സഹോദരങ്ങൾ, രൺടുപേരൊഴികെ എല്ലാവരും അമേരിക്കയിൽ. B.Sc., B.Ed. കഴിഞ്ഞ് കൂനൂർ സ്റ്റെയിൻസ് ഹൈസ്ക്കൂൾ, നീലഗിരി ( English Medium )- കടമ്പനാട് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപികയായിരുന്നു. 1970 ൽ വിവാഹാനന്തരം അമേരിക്കയിലെത്തി. അദ്ധ്യാപനത്തിലും എൻജിനീയറിംഗിലും ന്യൂയോർക്കിലെ യൂണിവേഴ്സിറ്റിയിൽ നിന്നും മാസ്റ്റർ ബിരുദങ്ങൾ നേടി. നാസാ കൗൺടി പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റിൽ എൻജിനീയറായി 35 വർഷത്തെ സേവനത്തിനുശേഷം വിരമിച്ചു.

അമേരിക്കയിലും കേരളത്തിലും ആനുകാലികങ്ങളിൽ മലയാളത്തിലും ഇംഗ്ലീഷിലും ധാരാളം കവിതകളും, ചെറുകഥകളും ലേഖനങ്ങളും പ്രസിദ്ധീകരിക്കുന്നു. ഗീതാഞ്ജലി വിവർത്തനം (ഇംഗ്ലീഷിൽ നിന്നു മലയാള കവിതകളിലേക്ക്) ഉൾപ്പടെ പത്തു കവിതാസമാഹാരങ്ങൾ, രൺടു ലേഖന സമാഹാരങ്ങൾ (ഒന്ന് ഇംഗ്ലീഷ്) പ്രസിദ്ധീകരിച്ചിട്ടുൺട്.

സാമൂഹ്യ, ആദ്ധ്യാത്മിക മണ്ഡലങ്ങളിലും, അമേരിക്കൻ ഭദ്രാസനത്തിൽ മലങ്കര ഓർത്തഡോക്സ് വനിതാസമാജം രൂപവൽക്കരിക്കുന്നതിന് (1981) നേതൃത്വം നൽകുകയും അതിന്റെ പ്രഥമ ജനറൽ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കയും, അമേരിക്കൻ ഭദ്രാസനത്തിലെ മലങ്കര ഓർത്തഡോക്സ് ഫാമിലി കോൺഫറൻസിൽ സജീവമാകയും സുവനീർ ചീഫ് എഡിറ്ററായി പ്രവർത്തിക്കയും ചെയ്തിട്ടുൺട്. കഴിഞ്ഞ 49 വർഷങ്ങളായി അമേരിക്കയിൽ സൺഡേസ്ക്കൂൾ അദ്ധ്യാപികയായി സേവനം അനുഷ്ഠിക്കുന്നു. 1986 മുതൽ ദേവാലയത്തോടു ചേർന്ന് മലയാളം സ്ക്കൂൾ ആരംഭിച്ച് കുട്ടികളെ മലയാളം അഭ്യസിപ്പിക്കുന്നു. സ്വന്തം ഭവനത്തിൽ കുട്ടികൾക്ക് കുക്കിംഗ് ക്ലാസ് നൽകുന്നതും ഒരു യജ്ഞമാണ്.

ആറു പതിറ്റാൺടായി തുടർന്നു വരുന്ന സാഹിതീ സപര്യ. ധാർമ്മിക മൂല്യങ്ങൾക്ക് പ്രസക്തി നൽകിക്കൊൺടുള്ള കാവ്യരചനകൾ. ഫൊക്കാനാ അക്ഷരശ്ലോക മത്സരങ്ങളിൽ പങ്കെടുത്ത് മൂന്നു വർഷങ്ങളിൽ തുടർച്ചയായി ഒന്നാം സ്ഥാനം കരസ്ഥമാക്കി. അമേരിക്കൻ മലയാള സാഹിത്യത്തിലെ കാവ്യശാഖയ്ക്കു നൽകിയ, നൽകിക്കൊൺടിരിക്കുന്ന സംഭാവനകൾ. വിശ്വോത്തര കൃതിയും 1913 ൽ നോബൽ സമ്മാനം നേടിയ രവീന്ദ്രനാഥ

ടാഗോറിന്റെ 'ഗീതാഞ്ജലി' വൃത്തബദ്ധമായ 435 ൽപ്പരം കവിതകളിലായി ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിക്കൊൺട് മലയാളഭാഷയ്ക്കും പ്രത്യേകിച്ച് അമേരിക്കൻ മലയാള സാഹിത്യത്തിനും ഗണ്യമായ മുതൽക്കൂട്ട് ഉൺടാക്കിക്കൊടുക്കാൻ കഴിഞ്ഞു.

നന്മയും വിശുദ്ധിയും കലർന്ന ഇതിവൃത്തങ്ങളിലൂടെ അവിഷ്ക്കരിച്ച കവിതകൾ അനവധി അംഗീകാരങ്ങൾ നേടിയത് വായനക്കാരെ സദാചാര പാതയിലേക്കു നയിക്കാൻ അവയ്ക്കെല്ലാം കഴിഞ്ഞുവെന്നതിനു തെളിവാണ്. കാവ്യാലങ്കാരങ്ങളും, വ്യാകരണങ്ങളുമെല്ലാം രചനകളിൽ ഉപയോഗിച്ച് ക്ലാസിക്ക് കവിതകളോട് എപ്പോഴും പ്രതിബദ്ധത പുലർത്തുകയും ആധുനിക കവിതകളിൽ നിന്നും അകലം പാലിക്കയും ചെയ്തുകൊൺടിരിക്കുന്നു. വായനക്കാരനു മനസ്സിലാക്കാനും അവനെ നന്മയിലേക്കു നയിക്കാനും കവിതകൾക്കു കഴിയണമെന്ന സിദ്ധാന്തത്തിൽ ഉറച്ചു വിശ്വസിക്കുന്നു.

**കൃതികൾ:**

1. കന്നിക്കൺമണി, (കവിതാസമാഹാരം) 1994
2. സ്നേനേഹതീർത്ഥം, (കവിതാസമാഹാരം) 1996
3. ദാവീദിന്റെ രൺടു മുഖങ്ങൾ, (കവിതാസമാഹാരം) 1998
4. ഗലീലയുടെ തീരങ്ങളിൽ, (കവിതാസമാഹാരം) 1998
5. മൂല്യമാലിക, (കവിതാസമാഹാരം) 2000
6. ഗീതാഞ്ജലി (വിവർത്തനം), (കവിതാസമാഹാരം) 2001
7. ഇനിയും പൂക്കുന്ന സ്നേഹം, (കവിതാസമാഹാരം) 2005
8. ജന്മക്ഷേത്രം, (കവിതാസമാഹാരം) 2009.
9. നേർക്കാഴ്ചകൾ, (കഥകൾ, ലേഖനങ്ങൾ) 2014
10. True Perspectives (English prose- stories, articles) 2015
11. ശങ്കരപുരി കുടുംബത്തിന്നടിവേരുകൾ), (കവിത) 2015
12. കാവ്യ ദളങ്ങൾ, (കവിതാസമാഹാരം) 2020

## പുരസ്ക്കാരങ്ങൾ

FOKANA (USA) awards: 1994, 1996, 1998, 2004, 2010

Jwala award, Houston, USA : 1996

AKBS Ex-leaders' Forum award : 1998

Nalappattu Narayana Menon award, USA : 1998
Sankeerthanam award, Kerala, India : 1998
Philadelphia Malayalee Association award : 1998
Mammen Mappila Memorial award, USA : 1999
Millenium award, USA : 2000
KCNA Baltimore, the best poet award : 2006
FOMA Distinguished Poet Award : 2010
Malankara Orthodox Sabha Centenary Award : 2012 (സാഹിത്യ പ്രതിഭ)
Emalayalee Sahithya Award : 2016
Kerala Center Best Poet Award : 2019

ഭർത്താവ്, 1970 ൽ അമേരിക്കയിൽ ഉന്നത വിദ്യഭ്യാസത്തിനായി എത്തുകയും, അമേരിക്കയിൽ ഓർത്തഡോക്സ് സഭയ്ക്ക് ദേവാലയങ്ങൾ സ്ഥാപിക്കാൻ കല്പന മൂലം നിയമിതനായ പ്രഥമ വൈദികനും, മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസനത്തിലെ പ്രഥമ വികാരിയും, അമേരിക്കയിലെ പ്രഥമ കോർ എപ്പിസ്ക്കോപ്പായും , ന്യൂയോർക്ക് ലോംഗ് അയലന്റ് സെന്റ് തോമസ് മലങ്കര ഓത്തഡോക്സ് ഇടവക വികാരിയുമായ വെരി. റവ. ഡോ. യോഹന്നാൻ ശങ്കരത്തിൽ കോർഎപ്പിസ്ക്കോപ്പാ.

മക്കൾ: 1. മാത്യു യോഹന്നാൻ, ഇൻവെസ്റ്റ്മെന്റ് ബാങ്കർ
2. തോമസ് യോഹന്നാൻ, കോർപ്പറേറ്റ് അറ്റോർണി & Businessman

Address: Elcy Yohannan Sankarathil
58 Bretton Road
Garden City Park, N.Y. 11040
Mobile # 1-516-850-9153
e-mail: yohannan.elcy@gmail.com

New York.
10,10,2020